LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴയിലെ കനാലുകളുടെ ശോച്യാവസ്ഥ

111(403) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം സാദ്ധ്യതകളേറെയുള്ള ആലപ്പുഴയിലെ കനാലുകളുടെ ശോച്യാവസ്ഥ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കനാലുകളുടെ നവീകരണത്തിന് ടൂറിസം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ടി പദ്ധതിക്കായി ഇതുവരെ എത്ര തുക ഏതെല്ലാം പദ്ധതിയിൽപ്പെടുത്തി ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ആലപ്പുഴ കനാൽ സൗന്ദര്യവൽക്കരണ പദ്ധതിയുടെ ഭാഗമായി കനാലുകൾ ആഴം കൂട്ടി വൃത്തിയാക്കുന്ന പ്രവൃത്തി ഇറിഗേഷൻ വകുപ്പിനെ ക്കൊണ്ട് നടത്തിയിരുന്നു. കനാലുകളുടെ അരികിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തിന് വേണ്ടി ലാന്റ് സ്കേപ്പിംഗും സൗന്ദര്യവൽക്കരണ പ്രവൃത്തികളും നടത്തിയിരു ന്നു. കൂടാതെ ആലപ്പുഴയിലെ കനാലുകളുടെ സൗന്ദര്യ സംരക്ഷണത്തിനും നവീകരണത്തിനുമായി സർക്കാർ ആലപ്പുഴ കനാൽ മാനേജ്മെന്റ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പെർഫെക്ട് അഗ്രികൾച്ചറൽ മാനേജ്മെന്റ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ സേവനം ഉപയോഗിച്ചാണ്, കനാൽ മാനേജ്മെന്റ് സൊസൈറ്റി കനാലുകളുടെ മാനേജ്മെന്റ് നടത്തുന്നത്.

(സി) ടൂറിസം ഡെസ്റ്റിനേഷനുകളിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 9,65,400 രൂപയും (ഒൻപത് ലക്ഷത്തി അറുപത്തി അയ്യായിരത്തി നാനൂറ് രൂപ മാത്രം) ഇന്ത്യാ ഗവണ്മെന്റ് ആവിഷ്കരിക്കുന്ന പദ്ധതികൾക്ക് പശ്ചാത്തലമൊരുക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 4,24,64,486 രൂപയും (നാലുകോടി ഇരുപത്തിനാല് ലക്ഷത്തി അറുപത്തിനാലായിരത്തി നാനൂറ്റി എൺപത്തിയാറ് രൂപ മാത്രം) കനാൽ മാനേജ്മെന്റ് സൊസൈറ്റി വഴി 9 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 3,40,61,454 (മൂന്ന് കോടി നാൽപ്പത് ലക്ഷത്തി അറുപത്തി ഒന്നായിരത്തി നാനൂറ്റി അൻപത്തിനാല് രൂപ മാത്രം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതി

112(404) ശ്രീ. ബി. ബാബുപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സർക്യൂട്ട് ടൂറിസം പദ്ധതിക്കായി കേന്ദ്രം 60 കോടി രൂപ സംസ്ഥാന ടൂറിസം വകുപ്പിന് വാഗ്ദാനം ചെയ്തതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;